26

# സ്വരച്ചേർച്ച - ഉണ്ടാക്കുന്നവർ

## (5:19, 20)

ഞാൻ വീട്ടിൽ നിന്നകലെയുള്ള ന്യൂ മെക്സിക്കോയിലെ മലമുകളിലെ കാമ്പ് ബ്ലൂ ഹാവെനിലെ ഒരു പ്രാഥമിക വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, തണുത്തു വിറച്ച ഒരു രാത്രിയെ കുറിച്ചു ഞാൻ ഓർമ്മിക്കുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ തന്നെ അവിടെ ഭയങ്കര ഇരുട്ടായിരിക്കും. ഞങ്ങൾ ഒരു ഇടുങ്ങിയ വഴിയിൽ കൂടെ ടോർച്ചുലൈറ്റു തെളിച്ചാണ് നടന്നു പൊയ്ക്കൊണ്ടിരുന്നത്. വൃക്ഷങ്ങൾക്കിടയിലൂടെയുള്ള ഞങ്ങളുടെ യാത്ര അവസാനിച്ചത് തുറസായ ഒരു സ്ഥലത്താണ്, അവിടെ കൗൺസലേഴ്സ് ഉപയോഗമില്ലാത്ത സാധനങ്ങൾ ഇട്ടു കത്തിക്കുവാൻ തീ കൂട്ടിയിരുന്നു. ഞങ്ങൾ എല്ലാം അതിനു ചുറ്റും ഇരുന്നു അതിൽ നിന്നും തീപ്പൊരികൾ ആകാശത്തിലേക്കു ഉയർന്നു പുകയിൽ അപ്രത്യക്ഷമാകുന്നതു നോക്കിയിരുന്നു. ഒരിക്കലും ഞാൻ കണ്ടിട്ടില്ലാത്തത്ര നക്ഷത്രങ്ങൾ മുകളിലേക്കു നോക്കിയപ്പോൾ കണ്ടു, സമീപത്തായി ജല്പനം മുഴക്കി ഒഴുകുന്ന ഒരു കൈത്തോടിന്റെ ശബ്ദവും ഞാൻ കേട്ടു. ദേവദാരുവിന്റെ നവോന്മേഷ ഗന്ധവും അന്തരീക്ഷത്തിൽ നിറഞ്ഞിരുന്നു, ആ രാത്രിയിൽ ഞങ്ങൾ പാടിയ ആ പാട്ട് ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു:

> എന്റെ കർത്താവായ ദൈവമേ! ഞാൻ നിന്റെ കരങ്ങളാലുണ്ടാക്കിയ
> അത്ഭുത ലോകത്തേയും അതിലുള്ളതൊക്കെയും ഞാനോർത്തു,
> ഞാൻ നക്ഷത്രങ്ങളെ കാണുന്നു, ഇടിയുടെ മുഴക്കം ഞാൻ കേൾക്കുന്നു,
> നിന്റെ ശക്തി പ്രപഞ്ചത്തിലൊക്കെയും വെളിവാക്കിയല്ലോ,
>
> പിന്നെ എന്റെ ആത്മാവു, എന്റെ രക്ഷകനായ ദൈവത്തോടു പാടുന്നു;
> നീ എത്ര വലിയവൻ, നീ എത്ര വലിയവൻ![1]

ആ രാത്രിയിൽ എന്നിൽ നിന്നും ആ പാട്ട് ഒഴുകിയപ്പോൾ എന്നെ കുറിച്ചു ചിന്തിച്ചതു ഇപ്പോഴും ഞാൻ ഓർക്കുന്നു, "ഞാൻ വീട്ടിൽ ആണെന്നു തോന്നിപ്പോയി." ടെക്സാസിലെ, മിഡ്ലന്റിൽ നിന്നും മൈലുകൾ അകലെയുള്ള വടക്കെ ന്യൂ മെക്സിക്കോയിലെ, ഇരുണ്ട മലമുകളിൽ ആയിരുന്നു ഞാൻ, അത് എന്റെ ബാല്യത്തിൽ പരിചയമുണ്ടായിരുന്ന കാഴ്ച്ചകൾക്കും ശബ്ദങ്ങൾക്കും എല്ലാം വളരെ അകലെയായിരുന്നു. അപ്പോഴും, എന്റെ ഹൃദയത്തിൽ എനിക്കറിയാമായിരുന്നു - യഥാർത്ഥത്തിൽ ഞാൻ -

എങ്ങനെയോ ആ പാട്ടു പാടുമ്പോൾ, വീട്ടിലായിരുന്നു എന്നു തോന്നി.

എന്റെ മകൾ സാറാ മിക്ക യുവ - പ്രായത്തിലെത്തിയ പെൺകുട്ടി കളെയും പോലെ ആണ്. അവൾ രാവിലെ എഴുന്നേറ്റു പുറത്തുവരുമ്പോൾ അവൾക്കു ചില പ്രഭാത ചിട്ടകൾ ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ പ്രഭാത ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ, അവൾ തന്റെ മുടി ശരിയാക്കുകയാ യിരുന്നു. അവൾ ഉപയോഗിച്ച ഹെയർ ഡ്രൈയർ ശബ്ദമുള്ളതായിരുന്നു, എന്നാൽ മറ്റൊരു ശബ്ദം കേട്ടു ഞാൻ അതിൽ ശ്രദ്ധിച്ചു. അതു വളരെ വ്യ ക്തമായ ഒരു ശബ്ദമായിരുന്നു - ദൈവത്തോടു ഹൃദയം തുറക്കുന്ന ശബ്ദം. എന്റെ മകൾ പാട്ടു പാടുകയായിരുന്നു "യേശുവേ, നീ ദൈവത്തിന്റെ കുഞ്ഞാടാകുന്നു. നിന്റെ നാമം വിലയുള്ളതാകുന്നു."

എന്റെ മകളുടെ പാട്ടു കേട്ടപ്പോൾ ഞാൻ വിചാരിച്ചു, "ഇതു വീടുപോലെ തോന്നുന്നു.'' എന്റെ കുടുംബം മുഴുവൻ എന്നോടൊപ്പം ഉണ്ടായി രുന്നതുകൊണ്ടോ ഞാൻ അടുക്കളയിലായിരുന്നതുകൊണ്ടോ അല്ല അത്തരം തോന്നൽ ഉണ്ടായത്. അതുണ്ടാവാൻ കാരണം ആ പാട്ടാണ് - ദൈവത്തോടു മനസു തുറന്ന ആ പാട്ട് ഒഴുകിയതായിരുന്നു.

വളരെ കാലം മുൻപു, ഒരു അർദ്ധരാത്രിയിൽ, രണ്ടുപേർ ഒരു തടവുമുറി യിൽ കിടന്നു. ആ ദിവസം നേരത്തെ തന്നെ അവരുടെ ശത്രുക്കൾ അവരെ കുറിച്ചു കള്ളം പറയുകയും അവരെ മർദ്ദിക്കുകയും ചെയ്തിരുന്നു. ആ പുരുഷന്മാർക്കു വിശപ്പും ദാഹവും ഉണ്ടായിരുന്നു. അർദ്ധ രാത്രി ആയെ ങ്കിലും, അവർക്ക് ഏറ്റ ഉപദ്രവം നിമിത്തം അവർക്ക് ഉറങ്ങുവാൻ കഴിഞ്ഞി ല്ല. ആ പുരുഷന്മാരെ കുറിച്ചു പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായി ക്കുന്നുണ്ട്: "അർദ്ധരാത്രിക്കു പൌലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു, തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു" (പ്രവൃ ത്തികൾ 16:25). അവരുടെ വേദനയിലും വിഷമ സന്ധിയിലും, അവർ പാടു കയായിരുന്നു. അവർ ദൈവത്തെ സ്തുതിക്കുന്നതു മറ്റു തടവുകാർ ശ്രദ്ധിച്ചു, ഇരുണ്ട ജയിലിനുള്ളിൽ അവർക്ക് എങ്ങനെ സന്തോഷത്തോടെ പാടുവാൻ കഴിഞ്ഞു എന്നു അതിശയിച്ചു. പൗലൊസിനേയും ശിലാസി നേയും കുറിച്ചു വായിച്ചിട്ടു ഞാൻ വിചാരിക്കുന്നു, "ആ രാത്രിയിൽ അവർ വീട്ടിൽ ആയിരുന്നു - വീട്ടിൽ അവർ ദൈവത്തെ പാടി സ്തുതിക്കുകയാ യിരുന്നു."

നാം ദൈവവചനം വായിക്കുമ്പോൾ വീട്ടിൽ ആയി ദൈവത്തെ പാടി സ്തുതിക്കുന്നതിനു അർത്ഥമുണ്ടാകുന്നു: "വീഞ്ഞുകുടിച്ചു മത്തരാകരു ത്, അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ, ആത്മാവു നിറഞ്ഞവരാകുക" (5:18). ക്രിസ്ത്യാനികൾ തുറന്ന മനസ്സോടെ ദൈവത്തെ അനുസരിക്കുമ്പോൾ, നാം പരിശുദ്ധാത്മ നിറവുള്ളവരാകും. അവന്റെ സാന്നിധ്യം നമുക്ക് ഊർജ്ജം പകരുകയും നമ്മെ മാറ്റുകയും ചെയ്യും. അതാണ് പരിശുദ്ധാത്മാവു വസി ക്കൽ.

ഈ പരിശുദ്ധാത്മാവു വസിക്കുന്നതിന്റെ ഫലമായി എന്താണ് സംഭവി ക്കുന്നത്? ഹൃദയത്തിൽ നിന്നു പാടുന്നതാണ് ഒരു പ്രധാന ഫലം. പൗലൊസ് എഴുതി,

> വീഞ്ഞു കുടിച്ചു മത്തരാകരുത്, അതിനാൽ ദുർന്നടപ്പുണ്ടാകുമല്ലൊ,
> ആത്മാവു നിറഞ്ഞവരായി, സങ്കീർത്തനങ്ങളാലും സ്തുതികളാലും

> ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും; നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു, എല്ലായ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ (5:18-20).

"ആത്മാവിൽ നിറയുക" എന്നാൽ സംഗീതജ്ഞനാകുക എന്നാണ് - ആരെങ്കിലും വീട്ടിൽ ഇരുന്നു ദൈവത്തോടു പാടുന്നതായി തോന്നുന്നതിനെയാണ്.

പാട്ടുപാടുന്നതിനെ കുറിച്ചു എഫെസ്യർ 5:19, 20 പറയുന്നു. പാട്ടിൽ ആരാധിക്കുന്നതിനെ കുറിച്ചു ആ വാക്യങ്ങൾ എന്തു പറയുന്നു എന്നു നോക്കുക.

## പാട്ടിൽ ആരാധന

പാട്ടിൽ ആരാധന എന്നതു *ആത്മീയമാണ്*. ദൈവാത്മാവു വസിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ് അത്. നമ്മുടെ ആത്മാവിനെ ദൈവാത്മാവു സ്പർശിക്കുന്നതിന്റെ അനന്തരഫലമാണത്. പാട്ടു പാടുന്നതു സംഗീത സിദ്ധാന്തത്തിന്റെ സാങ്കേതിക വസ്തുതകളെ അറിയുന്നതിനെ അടിസ്ഥാനപ്പെടുത്തിയല്ല. ആത്മീയ ഗീതങ്ങൾക്കു സംഗീതത്തിന്റെ താളമോ സ്വരമോ ഉണ്ടായിരിക്കണമെന്നില്ല. നമ്മിൽ ദൈവാത്മാവു പ്രവർത്തിക്കുന്നതിന്റെ ഫലമായുണ്ടാകുന്നതാണ് പാട്ടിലുള്ള ആരാധന.

പാട്ടിൽ ഉള്ള ആരാധന *വൈകാരികവുമാണ്*. ഹൃദയത്തിൽ കർത്താവിനു പാടി സ്തുതിക്കുവാനാണ് ബൈബിൾ നമ്മോടു പറയുന്നത്. നാം പാടുമ്പോൾ നമ്മുടെ വികാരം അതിൽ ഉൾപ്പെട്ടില്ലെങ്കിൽ, എവിടെയോ കുഴപ്പം ഉണ്ടെന്നർത്ഥം. പാട്ടിൽ ഉള്ള ആരാധന ബുദ്ധിവൈഭവ അനുഭവത്തേക്കാൾ ഉപരിയാണ്. നമ്മുടെ ശക്തമായ വികാരപ്രകടനമാണ് അതിൽ ഉൾപ്പെടുന്നത്.

പാട്ടിൽ ഉള്ള ആരാധന *സന്തോഷകരമാണ്*. പാട്ടിനു ചുറ്റുമുള്ളതായ സന്തോഷം, ആഹ്ലാദം, ആഘോഷം എന്നീ വികാരങ്ങൾ അറിയാതെ നമുക്കു എഫെസ്യർ 5-ലെ പൗലൊസിന്റെ വാക്കുകൾ വായിക്കുവാൻ സാധ്യമല്ല. സങ്കീർത്തനങ്ങൾ 145:7 പറയുന്നതു, "അവർ നിന്റെ വലിയ നന്മയുടെ ഓർമ്മയെ പ്രസിദ്ധമാക്കും, നിന്റെ നീതിയെ കുറിച്ചു ഘോഷിച്ചുല്ലസിക്കും."

ക്രിസ്തുവിൽ നമുക്കു ആഘോഷിക്കുവാനായി ധാരാളം കാര്യങ്ങളുണ്ട്! മുടിയനായ പുത്രന്റെ ഉപമയിൽ അവൻ ഇതു നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട മകൻ തിരിച്ചുവന്നപ്പോൾ എന്തുകൊണ്ടാണ് ആഘോഷം നടത്തിയതെന്നു മൂത്ത മകൻ ചോദിച്ചപ്പോൾ അപ്പൻ അവനോടു പറയുകയുണ്ടായി: "മകനേ, നീ എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നുവല്ലോ, എനിക്കുള്ളതെല്ലാം നിന്റേതാകുന്നു. നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു വീണ്ടും ജീവിച്ചു, കാണാതെ പോയിരുന്നു കണ്ടു കിട്ടിയിരിക്കുന്നു, ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു" (ലൂക്കൊസ് 15:31, 32).

ഭയങ്കരനായ ദൈവസന്നിധിയിൽ നമ്മുടെ ആഘോഷങ്ങൾ ആദരവോടും താഴ്മയോടും കൂടെ ആയിരിക്കണം. എങ്ങനെയായാലും, ആദരവു, താല്പര്യത്തെ തള്ളിക്കളയുന്നതുമായി സാമ്യമുള്ളതായി ഗണിക്കരുത്. നമ്മുടെ

ദൈവം ജീവിക്കുന്നവനാണ്! നമ്മുടെ കർത്താവു അവന്റെ സഭയിൽ ജീവിക്കുന്നു! പരിശുദ്ധാത്മാവു നമ്മുടെ ജീവിതങ്ങളെ നിറക്കുന്നു! നമുക്ക് സന്തോഷിച്ചു ഉല്ലസിക്കാം! പാട്ടിൽ ഉള്ള ആരാധന സന്തോഷകരമാണ്.

പാട്ടിലെ ആരാധന *പ്രകടിപ്പിക്കലാണ്.* അതു ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ പാട്ടുകൾ ദൈവത്തെ യോഗ്യനാക്കി തീർ ക്കുന്നു. നമ്മുടെ ആത്മാവു അവന്റെ ആത്മാവിനോടു ചേരുന്നു.

പാട്ടിലെ ആരാധന *സഹകരിക്കുന്നതാണ്.* മറ്റു ക്രിസ്ത്യാനികളുമായി അതു പങ്കിടുവാനുള്ള ഭാഗ്യം നമുക്ക് ഉണ്ട്, "ആത്മിക ഗീതങ്ങളാലും സങ്കീർത്തനങ്ങളാലും തമ്മിൽ പ്രബോധിപ്പിക്കയും ചെയ്വിൻ." മറ്റുള്ളവരുമായി നമ്മുടെ ഹൃദയങ്ങളും ശബ്ദവും പങ്കിടുവാനുള്ള അവസരം പാട്ടിലൂടെ നമുക്ക് ലഭിക്കുന്നു. ഏകനായോ ഏകയായോ പാടുമ്പോൾ സംഭവിക്കാത്തതു സംഘം ചേർന്നു പാടുമ്പോൾ സംഭവിക്കുന്നു. ഞാൻ എന്റെ പ്രഭാത ധ്യാനത്തിൽ കർത്താവിനോടു പാടാറുണ്ട് - ഞാൻ മാത്രം. "കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു," എന്നു ഞാൻ പാടുമ്പോൾ, അത് എന്നെത്തന്നെ ദൈവത്തിനു പ്രകടമാക്കും. പാടുന്നതിൽ സഹക്രിസ്ത്യാനികളുമായി ഞാൻ ചേരുമ്പോൾ, ആ പാട്ടിനു ഒരു പുതിയ വ്യാപ്തി ലഭിക്കുകയും, ഞാൻ ഈ ലോകത്തിൽ ഒറ്റയ്ക്കല്ല എന്ന പ്രതീതി എന്നിൽ ജനിപ്പിക്കുകയും ചെയ്യും. എന്റെ വിശ്വാസം പങ്കിടുന്ന ക്രിസ്ത്യാനികളുടെ കൂട്ടായ്മയോടു ഞാൻ ഭാഗമായിരിക്കുന്നു.

അവസാനമായി, പാട്ടിലെ ആരാധന *നന്ദി ചെലുത്തുന്ന*താണ്. ഒരു മൂകനായ, നിഷേധഭാവമുള്ള ആൾ പാടുവാൻ ആഗ്രഹിക്കുകയില്ല. നമ്മുടെ ഹൃദയങ്ങളെ മാറ്റുവാൻ നമ്മിലേക്കു ദൈവാത്മാവു ഇറങ്ങി വരുമ്പോൾ, അതിന്റെ ഫലമായുണ്ടാകുന്നതാണ് സന്തോഷവും നന്ദിയും പ്രകടിപ്പിക്കുന്ന പാട്ടുകൾ.

പാട്ടിലെ ആരാധനയെ കുറിച്ചു പഠിപ്പിക്കുന്നതാണ് പൗലൊസിന്റെ വാക്കുകൾ. അവയെ കുറിച്ചും നിങ്ങളുടെ പാട്ടിലെ ആരാധനയെ കുറിച്ചും ചിന്തിക്കുക. നിങ്ങളുടെ പാട്ടിലെ ആരാധനയിൽ വാക്കുകളായ "ആത്മിയം," "വൈകാരികം," "സന്തോഷകരം," "പ്രകടിപ്പിക്കുന്ന," "നന്ദി ചെലുത്തുന്ന" എന്നീ വിവരണങ്ങൾ ഉണ്ടോ? അവ ഉണ്ടായിരിക്കണം.

## ആത്മാവു - നിറഞ്ഞ ഹൃദയത്താൽ ആരാധിക്കുക

പാട്ടിൽ നാം ആരാധിക്കുമ്പോൾ ആത്മാവു - നിറയുന്നതിന്റെ ചില ഫലങ്ങൾ ശ്രദ്ധിക്കുക. *ഒന്ന്, അതു മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന ഫലം പുറപ്പെടുവിക്കുന്നു.* വാക്യം 19 പറയുന്നു, "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പ്രബോധിപ്പിക്കയും ചെയ്വിൻ." ക്രിസ്ത്യാനികൾ നിലകൊള്ളുന്നതു ദ്വീപുകളായിട്ടല്ല. എനിക്കു നിങ്ങളെ ആവശ്യമുണ്ട്, നിങ്ങൾക്കു എന്നേയും. നാം ഒരുമിച്ചു പാടുന്ന സമയം നമ്മെ ഓർമ്മിപ്പിക്കുന്നതു ഇതാണ്. നാം ഒരുമിച്ചു ശബ്ദം ഉയർത്തി ഒന്നിച്ചു പാടുമ്പോൾ നിങ്ങൾ എനിക്കും ഞാൻ നിങ്ങൾക്കും ശുശ്രൂഷ ചെയ്യുകയാണ്. നിങ്ങളുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്ന പാട്ടുകൾ പാടുന്നതിനോടു ഞാൻ നിങ്ങളോടു യോജിക്കുന്നു, എന്റെ ഹൃദയത്തിൽ നിന്നു ദൈവത്തോടു പാടുവാൻ ഞാൻ ആഗ്രഹിക്കുന്നതിൽ നിങ്ങൾ എന്നോടും യോജിക്കുന്നു.

അങ്ങനെ അന്യോന്യം പ്രവൃത്തിക്കുമ്പോൾ സ്വയം – ഒഴിച്ചു, മറ്റുള്ളവരെ – ശുശ്രൂഷിക്കുന്ന യേശുവിന്റെ ശുശ്രൂഷയാണ് നാം നടത്തുന്നത്.

*രണ്ട്, അതു കർത്താവായ യേശുവിനെ ആരാധിക്കുന്ന ഫലത്തിലേക്കു നീങ്ങുന്നു.* വാക്യം 19 പറയുന്നതു, "നിങ്ങളുടെ ഹൃദയത്തിൽ *കർത്താവിനു* പാടിയും കീർത്തനം ചെയ്തും." (എംഫസിസ് മൈൻ.) നാം പാട്ടു പാടുമ്പോൾ സമതുലനാവസ്ഥയിലായിരിക്കണം. പല പാട്ടുകളും നമുക്കു ചുറ്റുമുള്ള മറ്റുള്ളവരിലേക്കുള്ള സന്ദേശങ്ങളും വാക്കുകളും ഉൾപ്പെടുന്നതാണ്. "ദേഷ്യമുള്ള വാക്കുകൾ! കടിഞ്ഞാണിടാത്ത നാവിൽ നിന്നു വരരുതേ" എന്നു നാം പാടുന്നതു ദൈവത്തിലേക്കുള്ളതല്ല; അതു നാം അന്യോന്യം പാടുന്നതാണ്. ദൈവം അങ്ങനെ ചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ട്, എന്നാൽ നാം "ദൈവമേ ഓരോ നിമിഷവും എനിക്കു നിന്നെ വേണം" എന്നും "അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ," എന്നും പാടേണ്ടതാണ് കാരണം അവ ഹൃദയത്തിൽ നാം *കർത്താവിനു* പാടുന്നതാണ്.

*മൂന്നു, അതു എല്ലാറ്റിനും ദൈവത്തോടു നന്ദി പ്രകാശിപ്പിക്കുന്ന ഫലം പുറപ്പെടുവിക്കും.* വാക്യം 20 പറയുന്നു, "എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ ... ദൈവവും, പിതാവുമായവന്നു." സ്തോത്രം ചെയ്യുന്നതിനെ കുറിച്ചു മാക്സ് ആന്റേഴ്സ് എഴുതി:

> നമ്മുടെ ദൈനന്തിന ജീവിതം കുഴപ്പമില്ലാതെ സമതുലനാവസ്ഥയിലായതു എങ്ങനെ എന്നു നാം മനസിലാക്കിയാൽ ... നമുക്കു ചുറ്റുമുള്ള ആത്മിയ യുദ്ധം എത്ര ശക്തമാണെന്നു നാം മനസിലാക്കിയാൽ ... നമ്മുടെ തലക്കുമുകളിൽ ഒരു മേൽകൂരയും മേശമേൽ ആഹാരവും തരുന്നതാരാണെന്നു മനസ്സിലാക്കിയാൽ ... നമ്മുടെ ജീവിതത്തിന്റെ വിവിധ ആവശ്യങ്ങൾക്കു ദൈവത്തിന്റെ പൊതുവായ കൃപയും മറ്റുള്ളവരുടെ നന്മയും നമുക്കു വേണമെന്നു നാം മനസിലാക്കിയാൽ ... നാം ആളുകളോടു നന്ദിയുള്ളവരാകും. നമുക്ക് ഇല്ലാത്തതിനു നന്ദിയില്ലാത്തവരാകുന്നതിനു പകരം, നമുക്കുള്ളതിനു നാം നന്ദിയുള്ളവരായിരിക്കും.[2]

നിങ്ങളുടെ ജീവിത രീതിയെ നിങ്ങൾ എങ്ങനെ വിവരിക്കും? നിങ്ങൾ ഒരു പിറുപിറുപ്പുകാരനോ ഒരു സംഗീതജ്ഞനോ ആണോ? നിങ്ങൾ ആരാധനയിൽ എന്തിനെയെങ്കിലും കുറിച്ചു പരാതിപ്പെടുന്നവനാണോ അല്ലെങ്കിൽ ഒരു സഹോദരനോടോ സഹോദരിയോടോ പാട്ടുകൾ ഒത്തു പാടുന്നവനാണോ? നിങ്ങൾ തണുത്തു മരവിച്ച മനസോടെയാണോ, അതോ ഊഷ്മളമായ മനസ്സോടെയാണോ കർത്താവിനു പാടുന്നത്?

## ഉപസംഹാരം

"സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും; നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു, എല്ലായ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ." ആത്മാവു നിറഞ്ഞവരായി നമ്മുടെ ഹൃദയങ്ങളിൽ നിന്നു നമുക്കു ഗീതങ്ങൾ പാടാം. നമ്മുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കിടുന്ന പാട്ടുകൾ നമുക്കു പാടാം. നമ്മെ ദൈവഹൃദയത്തോടു

അടുപ്പിക്കുന്നതും നാം വീട്ടിലാണെന്ന തോന്നൽ ഉണ്ടാക്കുന്നതുമായ ഈണങ്ങൾ നമുക്കു പാടാം.

---

കുറിപ്പുകൾ

[1]കാൾ ബോബെർഗ്, "ഹൗ ഗ്രെയിറ്റ് ദൗ ആർട്ട്," ട്രാൻസ്. സ്റ്റുവർട്ട് കെ. ഹൈൻ. ഈ ഉദ്ധരണി ഏസിയു പ്രെസ്സിന്റെ അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു. [2]മാക്സ് ആന്റേഴ്സ്, *ദ ഗുഡ് ലൈഫ്: ലിവിങ് വിത്ത് മീനിങ് ഇൻ ഏ "നെവർ – ഇനഫ്" വേൾഡ്* (ഡള്ളാസ്: വേഡ് പബ്ളിഷിങ്ങ്, 1993), 167.